# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD/P15/1482/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/11/2024
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPKD/P15/1482/24 തീയ്യതി: 30/11/2024

## പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2023 മുതൽ 18-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി. ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 28-09-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 28-09-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിദ്യ.പി ,ഓഡിറ്റ് ഓഫീസർ
സുരേഷ് .എ.ബി ,അസി.ഓഡിറ്റ് ഓഫീസർ
ശബ്ദദാസ്. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
രാജേശ്വരി.സി , സീനിയർ ഗ്രേഡ് ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കേരളകുമാരി. കെ.എം | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഹരിമോഹൻ ഉണ്ണികൃഷ്ണൻ | സെക്രട്ടറി | 01-04-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ചിത്രിമ ശിതൾ. സി ആർ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഉണ്ണിരാം.എ എച്ച് | അഗ്രികൾച്ചറൽ ഓഫീസർ | 01-04-2023 | 28-05-2023 |
| അർച്ചന. സി.ആർ | അഗ്രികൾച്ചറൽ ഓഫീസർ | 29-05-2023 | 31-03-2024 |
| കുമാരി. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശിവദാസൻ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| സുകേഷ് | അസി,എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.സുമയ.എ | മെഡിക്കൽഓഫീസർ, ഹോമിയോ | 01-04-2023 | 14-04-2023 |
| ഡോ.സിനി എബ്രഹാം | മെഡിക്കൽഓഫീസർ, ഹോമിയോ | 15-04-2023 | 29-06-2023 |
| ഡോ.അജി പുന്നൻ | മെഡിക്കൽഓഫീസർ, ഹോമിയോ | 30-06-2023 | 31-03-2024 |
| ഉമൈബ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| പ്രവീണ | ഹെഡ് മിസ്ട്രസ് | 01-04-2023 | 01-06-2023 |
| ആഷ.കെ.നായർ | ഹെഡ് മിസ്ട്രസ് | 02-06-2023 | 31-12-2023 |
| ജ്യോതി.ഇ | ഹെഡ് മിസ്ട്രസ് | 01-01-2024 | 31-03-2024 |
| ഡോ.പ്രവീൺകുമാർ കെ.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്,സി | 01-04-2023 | 02-07-2023 |
| ഡോ. അനിത. വി.ജി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്,സി | 03-07-2023 | 31-03-2024 |
| ഡോ .ഹാജീഷ്.പി.സി | മെഡിക്കൽഓഫീസർ,ആയുർവേദം | 01-04-2023 | 11-08-2023 |
| ഡോ .ഷൈനി.എൻ | മെഡിക്കൽഓഫീസർ,ആയുർവേദം | 12-08-2023 | 15-09-2023 |
| ഡോ.കെ.ശിവദാസ് മേനോൻ | മെഡിക്കൽഓഫീസർ,ആയുർവേദം | 16-09-2023 | 15-01-2024 |
| ഡോ.സുജിത്ത്.എസ് | മെഡിക്കൽഓഫീസർ,ആയുർവേദം | 16-01-2024 | 14-02-2024 |
| ഡോ.ദൃശ്യ.ഡി.സോമൻ | മെഡിക്കൽഓഫീസർ,ആയുർവേദം | 15-02-2024 | 31-03-2024 |
| രാംദാസ്.ടി എൻ | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിററ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | രസീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 15 | തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-12 |
| 16 | വസ്തുനികുതി പരിശോധന – ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 17 | വിനോദനികുതി പരിശോധന | 1-14 |
| 18 | ഡി&ഒ ലൈസൻസ് പരിശോധന | 1-15 |
| 19 | കമ്പനികൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 20 | പഞ്ചായത്തിന്റെ വാടക വരവ് - വരുമാനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 21 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-18 |
| 22 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ മുഴുവൻ തുകയും അനുവദിക്കേണ്ടതാണ് | 1-19 |
| 23 | ശുചിമുറി പുനരുദ്ധാരണം- പദ്ധതി ലക്ഷ്യത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു | 1-20 |
| 24 | ലൈഫ് ഭവന നിർമ്മാണം- അധിക തുക അനുവദിച്ചു | 1-21 |
| 25 | പരുത്തിപ്പുള്ളി കുടുംബാരോഗ്യ കേന്ദ്രം - മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 26 | എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 27 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവന നിർമ്മാണം- അധിക തുക അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്കുകൾ ക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് -തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്- പത്രികകൾ- സംഗ്രഹം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിററ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 3/29-05-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22-06-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈഅക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്ന. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം പാലക്കാട്,
തിയ്യതി 30-11-'24. ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി)ചട്ടം 62(4) – ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3810179.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29361059.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

| | പഞ്ചായത്ത് ഭരണ സമിതിയുടെ 17.03.2023 തീയതിയിലെ യോഗ തീരുമാനം നമ്പർ 1 പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു | പഞ്ചായത്ത് ഭരണ സമിതിയുടെ 22.01.2024 തീയതിയിലെ യോഗ തീരുമാനം നമ്പർ 1(1)പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു (പുതുക്കിയത്) |
|---|---|---|
| പ്രാരംഭബാക്കി | 5718942 | 4483905 |
| വരവ് | 16673058 | 18846095 |
| ആകെ | 22392000 | 23330000 |
| ചെലവ് | 20118358 | 20104475 |
| നീക്കിയിരിപ്പ് | 2273642 | 3225525 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16837159 |
| ഓഡിറ്റ് വർഷത്തെ വരവ് | 38815117 |

| | |
|---|---|
| ആകെ | 55652276 |
| ചെലവ് | 35004938 |
| നീക്കിയിരിപ്പ് | 20647338 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 17552684 | 17552684 | 14354378 | 3198306 |
| വികസനഫണ്ട് എസ്.സി.പി | 0 | 13857032 | 13857032 | 9471870 | 4385162 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 5022607 | 5022607 | 1845840 | 3176767 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10223494 | 10223494 | 1932102 | 8291392 |
| CFC-Tied (Bank) | 1482069 | 1767500 | 3249569 | 2583098 | 666471 |
| CFC-UnTied(Bank) | 1912437 +105813=2018250 | 2744481 | 4762731 | 1791200 | 2971531 |

* 105813- മുൻവർഷത്തെ പലിശയിനത്തിലെ തുക ഹെഡ് മാറി രസീതാക്കിയത്.(CFC Untied )

*SCP Capital Contribution Head ആയ312100202 ലേക്ക് Journal ചെയ്യുന്നതിനു പകരം തെറ്റായി 320200102എന്ന Head ലേക്ക് (B4 Schedule) മാറിപോയിട്ടുണ്ട്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയെ അടിസ്ഥാനമാക്കിയാണ് ഫണ്ട് വിനിയോഗം പരിശോധിച്ചത്.

## കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| ICDS | 1172635 | 1759838 | 2932473 | 1172571 | 1759902 |
| Total Sanitation | 1008226 | 1004885 | 2013111 | 1574885 | 438226 |
| Health Grant | 0 | 4495821 | 4495821 | 609434 | 3886387 |
| Health Grant Towards Su[Pport For Diagnostic Infrastructure | 276241 | 920165 | 1196406 | 346965 | 849441 |
| Health Grant Towards Buildingless Subcentre PHC's And CHC's | 0 | 2810024 | 2810024 | 0 | 2810024 |
| Healthgrant Towards Conversion Of PHC's And Subcentres Into Health And Wellness Centre. | 633057 | 409861 | 1042918 | 262469 | 780449 |

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 568032 | 1171598 | 1739630 | 1726779 | 12851 |
| ഗുണഭോക്താക്കൾക്ക് | 0 | 38699465 | 38699465 | 38699465 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 568032 | 39871063 | 40439095 | 40426244 | 12851 |

1) Receipt ൽ 1442 രൂപ Stale Cheque ഇനത്തിലെ തുക വരവിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്.

RP30 ലെ തുക1170156 , Receipt ലെ തുക1171598

2)I 14(F) ൽ Administrative Expense 1727234/- യഥാർത്ഥ ചെലവ്-1726779/-

വ്യത്യാസം 455 രൂപ

തനത് ഫണ്ടിൽ നിന്നും ചെലവായ തുക 455/- രൂപ ഹെഡുമാറി ഈഹെഡിൽ ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| Total Sanitation | 48208 | 0 | 48208 | 0 | 48208 |
| ലൈഫ് മിഷൻ (State Share) | 0 | 3500000 | 3500000 | 2500000 | 1000000 |
| സാക്ഷരത | 0 | 5525 | 5525 | 5525 | 0 |
| ജലനിധി | 0 | 0 | 0 | 0 | 0 |
| അഗതിരഹിതകേരളം | 0 | 122790 | 122790 | 0 | 122790 |

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 195 | 131443374 | 127 | 50365335 | 68 | 65.12 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച | അടങ്കൽ | നടപ്പിലാക്കി തുക | ചെലവ് | ചെലവ് ശത |
|---|---|---|---|---|---|

| | പ്രൊജക്കുകളുടെ എണ്ണം | | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | | മാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 8441020 | 3 | 6441874 | 76.32 |
| വെറ്റിനറി സർജൻ | 6 | 2830000 | 6 | 1149816 | 40.63 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 310000 | 2 | 310000 | 100 |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 17 | 3240892 | 15 | 1706650 | 52.66 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 525000 | 3 | 478344 | 91.11 |
| ഹെഡ് മാസ്റ്റർ | 4 | 760000 | 3 | 710204 | 93.45 |
| വി.ഇ.ഒ | 18 | 52535047 | 12 | 12145244 | 23.12 |
| ICDS സൂപ്പർ വൈസർ | 9 | 6868480 | 6 | 4703869 | 68.48 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 809400 | 2 | 744622 | 92 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 355000 | 2 | 130000 | 36.62 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 35 | 4947081 | 26 | 4873021 | 98.50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 43552417 | 36 | 12417729 | 28.51 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 6269037 | 11 | 4553962 | 72.64 |
| ആകെ | 195 | 131443374 | 127 | 50365335 | 38.32 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 568032 | 1171598 | 1739630 | 1726779 | 12851 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38699465 | 38699465 | 38699465 | 0 |
| ആകെ | 568032 | 39871063 | 40439095 | 40426244 | 12851 |

1) Receipt ൽ 1442 രൂപ Stale Cheque ഇനത്തിലെ തുക വരവിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്.

RP30 ലെ തുക1170156 , Receipt ലെ തുക1171598

2)I 14(F) ൽ Administrative Expense 1727234/- യഥാർത്ഥ ചെലവ്-1726779/-

വ്യത്യാസം 455 രൂപ

തനത് ഫണ്ടിൽ നിന്നും ചെലവായ തുക 455/- രൂപ ഹെഡുമാറി ഈഹെഡിൽ ഉൾ പ്പെട്ടിട്ടുണ്ട്

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5355200 | 478 |
| 2 | വാർദ്ധക്യകാല പെൻഷൻ | 20739800 | 2160 |
| 3 | വികലാംഗ പെൻഷൻ | 3581200 | 331 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1399800 | 130 |
| 5 | വിധവാ പെൻഷൻ | 12865600 | 1259 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-09-2024 തീയതിയിൽ 2.50 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3421/- (മുവായിരത്തി നാന്നൂറ്റി ഇരുപത്തിയൊന്ന്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 17.09.2022 പ്രാബല്യത്തിൽ 9.09.2025 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശ രേഖ 2021ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

ILGMS സംവിധാനം 4/2022 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, ഫയൽഫ്ലോ എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരംസൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്

എന്നാൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്, പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ അപൂർണ്ണമാണ്.

14-ാം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളുടെ അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം

എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളതെങ്കിലും അവയിൽ പലതിലും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ

(ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ആസ്തി വിവരം കാലികമാക്കൽ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ , കൾവർട്ടുകൾ, ഡ്രെയ്നേജുകൾ എന്നിവ ഉൾപ്പെടെയുള്ള ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ച് ആയതിന്റെ വെരിഫിക്കേഷൻ ,ഡിജിറ്റലൈസേഷൻ നടപടികൾ നടപ്പാക്കി വരുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ ആസ്തികൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് തുടർ മോണിട്ടറിങ്ങ് സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23.11.15 മുതൽ 5.12.15വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 11.01.16ന് സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 27-01-2022 ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ 12/2021, 1/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് 6.07.22ന് ലഭ്യമായിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 രസീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

(I) സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന രസീതികൾ റദ്ദു ചെയ്തിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ച രസീത് പുസ്തകം നം.34879, 34880, 34881, 34882 എന്നിവയിലെ അവശേഷിക്കുന്ന രസീതികൾ റദ്ദു ചെയ്തിട്ടില്ല.

(Ii) സർട്ടിഫിക്കറ്റ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 – ലെ ചട്ടം 83 പ്രകാരം ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറി/ അക്കൗണ്ടന്റ്/ചുമതലപപ്പടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പുവെക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും

ഇഷ്യൂ ചെയ്ത രസീതി പുസ്തകം നം. 34880, 34881, 34882, 42636 എന്നിവയിലെ പേജുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.6/24-9-24) മറുപടിയോടൊപ്പം അപാകത പരിഹരിച്ച് രസീതി ബുക്കുകൾ ഹാജരാക്കി. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതികൾ റദ്ദു ചെയ്യുന്നതിനും രസീതി ബുക്കുകൾ ലഭിക്കുമ്പോൾ തന്നെയോ ഇഷ്യൂ ചെയ്യുന്നതിനു മുൻപോ പേജുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(Iii) ഔട്ട് ഡോർ കളക്ഷൻ തുക 2 മാസത്തോളം ബാങ്കിൽ അടവാക്കിയിട്ടില്ല

14-12-2023 -ന് ഇഷ്യൂ ചെയ്ത രസീതി പുസ്തകം നം.34881 – ലെ ആദ്യ 5 രസീതികൾ പ്രകാരം 200 രൂപ വീതം ആകെ 1000 രൂപ വിവിധ കട ഉടമകളിൽ നിന്നും ഫൈൻ (COTPA ബോർഡ് ഇല്ലാത്തതിന്) ഈടാക്കിയിട്ടുണ്ട്. രസീതികളിലെ ഫൈൻ ഈടാക്കിയിട്ടുള്ള തീയതിയും 14-12-2023 തന്നെയാണ്. എന്നാൽ തുകയുടെ അടവു വിവരം പരിശോധിച്ചതിൽ രണ്ട് മാസക്കാലയളവിനു ശേഷം 08-02-2024 മാത്രമാണ് ILGMS – ൽ ഔട്ട് ഡോർ കളക്ഷൻ രേഖപ്പെടുത്തി റസീപ്റ്റ് ചെയ്ത് (നം.1230300229/8-2-24) തുക ബാങ്കിൽ അടവാക്കിയിട്ടുള്ളത് എന്ന് കാണുന്നു. തുക രസീത് ചെയ്യാതെ കൈവശം വയ്ക്കുകയും ബാങ്കിൽ ഒടുക്കു വരുത്താൻ കാലതാമസം ഉണ്ടായതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

“14-12-2023 തീയതി പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ചില സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ, പഞ്ചായത്ത് സീനിയർ ക്ലാർക്ക് എന്നിവരുടെ നേതൃത്വത്തിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് Enforcement Squad – ന്റെ പരിശോധന അടിയന്തിരമായി നടത്തേണ്ടി വന്നു. മുൻകൂട്ടി നിശ്ചയിക്കാതെയുള്ള Enforcement Team പരിശോധനയ്ക്ക് രസീതി ബുക്ക് എടുക്കേണ്ടി വന്നു. പ്രസ്തുത ദിവസം ILGMS സോഫ്റ്റ്‌വെയറിൽ രസീത് ബുക്ക് വിവരങ്ങൾ Update ചെയ്യാൻ സാങ്കേതിക തകരാറു മൂലം കഴിഞ്ഞില്ല. രസീത് ബുക്ക് ILGMS – ൽ Update ചെയ്യാൻ സാധിച്ചത് 8-2-2024 – മാത്രമാണ് ആയതിനാൽ ആ ദിവസം മാത്രമാണ് ഫൈൻ ഈടാക്കിയ തുക അടവാക്കാൻ കഴിഞ്ഞത് "

കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 – ലെ ചട്ടം 21പ്രകാരം ലഭിച്ച എല്ലാ തുകകളും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ ബാങ്ക് അക്കൗണ്ടിലോ തൊട്ടടുത്ത പ്രവൃത്തി ദിവസം

നിക്ഷേപിക്കണമെന്നിരിക്കെ രണ്ടു മാസത്തിലധികം സാങ്കേതിക പ്രശ്നം പരിഹരിക്കാതെ തുക കൈവശം വെച്ചതും ILGMS – ൽ അക്കൗണ്ട് ചെയ്യപ്പെടാതിരുന്നതും ചട്ടലംഘനമാണ്.

ബാങ്ക് ട്രഷറി സ്റ്റേറ്റ്മെന്റുകൾ ഓരോ ആഴ്ചയും ലഭ്യമാക്കി എല്ലാ തുകകളും അക്കൗണ്ടിൽ വന്നിട്ടുണ്ടെന്ന് അക്കാണ്ടന്റ് ഉറപ്പാക്കേണ്ടതാണ്. പണം ഒടുക്കിയതിൽ അപാകതകൾ ഉണ്ടെങ്കിൽ അവ ഉടൻ തന്നെ അതാത് സംഗതി പോലെ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ് (കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ -ചട്ടം 24)

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മേൽ നോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

തൊഴിൽ നികുതി രജിസ്റ്റർ, പത്രികകൾ മുതലായവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം 9/26-9-24)

(I) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (Ii)എ(I) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ബിൽഡിംഗ് എഞ്ചിനീയർ/സൂപ്പർവൈസർ, ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2023-24 വർഷത്തെ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ ഗ്രാമപഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ | 2023-24 ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | എസ്.അരവിന്ദാക്ഷൻ | 28 |

| | | |
|---|---|---|
| 2 | കെ.വി രമേഷ് | 6 |
| 3 | പാർത്ഥസാരഥി | 4 |
| 4 | പ്രദീപൻ | 2 |

പട്ടികയിലെ കരാറുകാർ മറ്റു ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ക്രമ നം.1 മുതൽ 3 വരെയുള്ളവരുടെ തൊഴിൽനികുതി 7500 രൂപ രസീതി നം.1240301270/28-09-2024 പ്രകാരം പഞ്ചായത്തിൽ അടവാക്കി. ക്രമ നം.4 ശ്രീ. പ്രദീപൻ ജില്ലാ പഞ്ചായത്ത് കരാറുകാരനാണെന്നും മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുള്ള രസീതി ഓഡിറ്റിലേയ്ക്ക് ഹാജരാക്കുന്നതാണ് എന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

(Ii) ജീവനക്കാർ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| **ക്രമ നം.** | **സ്ഥാപനം/ ജീവനക്കാർ** | **അർദ്ധ വർഷം** | **കുറിപ്പുകൾ** |
|---|---|---|---|
| 1 | പി.വൈ,കെ ഫുഡ് & ബിവറേജസ് | 1 & 2 | സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി |
| 2 | ഫിസിയോതെറാപ്പി ക്ലിനിക്, കോട്ടച്ചന്ത | 1 & 2 | ജീവനക്കാരുടെ തൊഴിൽ നികുതി |
| 3 | ശ്രീ.അബ്ബാസ് സലീം ഡ്രൈവർ, ഗ്രാമപഞ്ചായത്ത് പെരിങ്ങോട്ടുകുറിശ്ശി | 1 & 2 | ജീവനക്കാരുടെ തൊഴിൽ നികുതി |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ തൊഴിൽ നികുതി പലിശ സഹിതം അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. അടവാക്കിയ ശേഷം രസീതി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

(Iii) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം 20000 രൂപയാണ് സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥാപന രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ലാത്തതിനാലും ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപന തൊഴിൽ നികുതിയുടെ വിവരം പൂർണ്ണമായി രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും വരവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഇനി മുതൽ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. സ്ഥാപന രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-13 വസ്തുനികുതി പരിശോധന – ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം 8/26-9-24)

(I) വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ്തല പരിശോധന – പുരോഗതി വിവരം അറിയിക്കേണ്ടതാണ്

22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴി സൗകര്യത്തിൽ

വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്.

സർക്കാർ നിർദ്ദേശാനുസരണം മേൽ പരിശോധന/വിവരശേഖരണത്തിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുകയോ നിയമിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന ആരംഭിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃമായി ഫീൽഡ്തല പരിശോധന, ഡാറ്റാ എൻട്രി എന്നിവ സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(Ii) അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18-ാം ആക്ടിലൂടെ 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ്.
താഴെ സൂചിപ്പിക്കുന്ന സ്ഥപനങ്ങളുടെ വസ്തു നികുതി 2023-24 സാമ്പത്തിക വർഷത്തിലും തുടർന്നും നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തു ഈടാക്കിയിട്ടുണ്ടെങ്കിൽ. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | സെന്റ്. പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി |
| 2 | മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പരുത്തിപ്പുള്ളി |
| | |

| | |
|---|---|
| 3 | ശ്രീ ശബരി വിദ്യാനികേതൻ, പരുത്തിപ്പുള്ളി |
| 4 | ശ്രീ ശബരി ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരിങ്ങോട്ടുകുറിശ്ശി |
| 5 | പാഠശാല ഇംഗ്ലീഷ് മീഡിയം സ്കൂൾ, നടുവത്തപ്പാറ |

* സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ക്രമ നം.1, 3 എന്നിവയിലെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 01-04-2023 ന് മുൻപ് നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ അനുബന്ധ കെട്ടിടങ്ങളുടെ മാത്രമാണോ എന്ന് വ്യക്തമല്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി ഈടാക്കി വിവരം ഫോറം 6 സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 വിനോദനികുതി പരിശോധന

വിനോദനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.12/28-9-24)

(I) തീയേറ്ററിൽ നിന്നും വിനോദ നികുതി പിരിക്കുന്നില്ല – രണ്ടര വർഷത്തോളമായി പഞ്ചായത്തിന്റെ വരുമാന നഷ്ടം

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന **സി.കെ.എം മൂവീസ്** എന്ന സ്ഥാപനം തൊഴിൽ നികുതി അടവാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ വിനോദ നികുതിയിനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. സ.ഉ(സാധാ) നം. 2358/2021/ തസ്വഭവ തിയതി. 22.11.2021 പ്രകാരം സംസ്ഥാനത്ത് കോവിഡ് -19 വ്യാപനത്തെ തുടർന്ന് അടഞ്ഞു കിടന്നിരുന്ന സിനിമാ തിയേറ്ററുകൾക്ക് ഏർപ്പെടുത്തിയിരുന്ന വിനോദ നികുതി 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ ഇളവു ചെയ്തു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനു ശേഷം 01-01-2022 മുതൽ നികുതി ഈടാക്കേണ്ടതാണെങ്കിലും ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവില്ലെന്ന് ബോധ്യപ്പെട്ടു.
2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിനോദനികുതി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടും നാളിതുവരെ ഡിമാന്റിൽ പോലും ഉൾപ്പെടുത്താതെ പഞ്ചായത്തിന്റെ വരുമാനനഷ്ടം തുടരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എത്രയും പെട്ടെന്ന് മേൽ അപാകതകളിന്മേൽ ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് വിനോദ നികുതി ഡിമാന്റ് ചെയ്ത് കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(Ii) സിനിമാ പ്രദർശന ലൈസൻസ് (സിനിമാട്ടോഗ്രഫി എക്സിബിഷൻ ലൈസൻസ്) ഇല്ലാതെ തീയേറ്റർ പ്രവർത്തിക്കുന്നു

കേരള സിനിമാസ് (റഗുലേഷൻ) ആക്ട് 1958, വകുപ്പ് 3 പ്രകാരം സെക്രട്ടറിയുടെ ലൈസൻസ് ഇല്ലാതെ ഒരു സ്ഥലത്ത് സിനിമാ തിയ്യറ്ററുകൾ നിർമ്മിക്കുകയോ സിനിമാ പ്രദർശനം നടത്തുകയോ ചെയ്യാവുന്നതല്ല. കേരള സിനിമാസ് (റെഗുലേഷൻ റൂൾസ്) 1988 ചട്ടം 13 പ്രകാരം സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

ഓൺലൈൻ സിനിമാ ബുക്കിംഗ് സംവിധാനമായ ' Bookmyshow ' പ്രകാരം നിലവിലും പ്രദർശനം തുടരുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന **സി.കെ.എം മൂവീസ്** എന്ന സ്ഥാപനം ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ അനുമതിയോടു കൂടി മാത്രം സിനിമാ പ്രദർശനം ഉറപ്പു വരുത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-15 ഡി&ഒ ലൈസൻസ് പരിശോധന</u>

### <u>1. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

### <u>2. ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കേണ്ടതാണ്</u>

2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2023-24 വർഷത്തിൽ അത്തരത്തിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

പരിശോധിച്ചതിൽ താഴെ പറയുന്ന പൗൾട്രി ഫാമുകൾക്ക് കോഴിഫാം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പൗൾട്രി ഫാം പേര്/ ഉടമ | കെട്ടിട നം. |
|---|---|---|
| 1 | കോഴി ഫാം, ചെങ്ങലാംപറമ്പ് ശ്രീ.നാരായണൻ.സി.ആർ | 6/635 |
| 2 | ആർ.ആർ ഗ്രൂപ്പ് പൗൾട്രി ഫാം, നടുവത്തപ്പാറ ശ്രീമതി.രോഹിണി മാധവൻകുട്ടി | 15/728 |

മേൽ കോഴിഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (10/26-9-24) മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

3. **<u>ജിംനേഷ്യങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്</u>**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ത.സ്വ.ഭ.വ -ന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയുള്ള കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ജിംനേഷ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഗൂഗിൾ മാപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 2 കി.മീ ചുറ്റളവിനുള്ളിൽ **മാസ്സ് ഫിറ്റ്നസ് സ്റ്റുഡിയോ** എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി കാണുന്നു. മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ജിംനേഷ്യങ്ങളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26-9-24) മറുപടി ലഭ്യമാക്കിയില്ല.

സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് പക്ഷികൾ/മൃഗങ്ങളുടെ എണ്ണത്തിന് അനുസൃതമായി 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടപ്രകാരമുള്ള ലൈസൻസ് നൽകുന്നതിനും ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് സർക്കാർ സർക്കുലർ നിർദ്ദേശപ്രകാരം ലൈസൻസ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കമ്പനികൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM :F.No.22-65/2017-1A.Iii Dated 1.05.2018, OM :F.No.22-65/2017-1A.Iii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി **SEIAA- State Environmental Impact Authority – 2006 ലെ EIA വിജ്ഞാപനങ്ങളിൽ ഷെഡ്യൂൾ "B" ( Brown Field) വിഭാഗത്തിൽ പെടുന്ന പ്രൊജക്ടുകൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകുന്ന കേരള സർക്കാർ സ്ഥാപനം)** പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ **കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം (CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധാന നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1. കമ്പനിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി,എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം നഗരസഭകളിൽ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ലൈസൻസ് രേഖകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ ലൈസൻസ് അനുവദിച്ച (നം.400799/RPTL20/GPO/2023/776, തീയതി-01.09.2023) ക്വാറിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമയുടെ പേര്/ സ്ഥലത്തിന്റെ വിസ്തീർണ്ണം | ലൈസൻസ് ഫീ അടവാക്കിയ രസീതി നം./തീയതി/ തുക | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം. |
|---|---|---|
| സിന്തിൽ.കെ.എം സർവ്വേ നം.329/2, 328/11, 329/9, 328/13<br>Area – 1.9035 Hectares | 1220106414/28-02-2023/7000<br>ലൈസൻസ് കാലയളവ് | EC No. DIA/KL/PL/16/2017 Dated: 05/03/2018<br>Life Of Mine -12 Years |

| | | |
|---|---|---|
| | (25-8-23 To 5-3-24) | |

ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Description | Amount Recurring |
|---|---|
| Maintenance Of School Building | 50000/Annum |
| Maintenance Of Anganvadi Building | 30000/Annum |
| Providing Medical Aid | 100000/Annum |
| Maintenance Of Building | 50000/Annum |
| Community Development | 170000/Annum |
| **Total** | **400000** |

മേൽ പറഞ്ഞ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, ഗ്രാമപഞ്ചായത്ത് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26-9-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പഞ്ചായത്തിന്റെ വാടക വരവ് - വരുമാനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട് വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക, കടമുറികളുടെ ലേലഫയൽ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2022-23 വർഷത്തിൽ 566064 രൂപയാണ് വാടക വരവ് എന്നാൽ 2023-24 വർഷത്തിൽ 5% വർദ്ധനവ് ഉണ്ടാവേണ്ടതിനു പകരം 514202 രൂപയായി കുറയുകയാണ് ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 29 കടമുറികളുടെ വിവരങ്ങളാണ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവയിൽ 5 കടമുറികൾ ഓഡിറ്റ് വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. താഴെ പറയുന്ന വാടകക്കാരുടെ വാടക കുറയ്ക്കുകയോ അടവാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **കടമുറി നം.** | **വാടകക്കാരൻ** | **മാസ വാടക + (ജി.എസ്.ടി) 2023-24** | **വാടക 2022-23** | **കുറിപ്പുകൾ** |
|---|---|---|---|---|---|
| 1 | 5/611 | ഷാജി.പി. എസ് | 1250+225 | 1815+326 | 10/2023 മുതൽ വാടക ഈടാക്കിയിട്ടുള്ളു. ലേല തീയതി 14-7-23 രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | 3/609 | സുനിൽ | 1860+336 | 2057+370 | 10/2023 വരെയേ വാടക ഈടാക്കിയിട്ടുള്ളു. രജിസ്റ്ററിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഏൽപിച്ചു എന്നു രേഖപ്പെടുത്തിയിട്ടുണ്ട് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല |
| 3 | 11/138 | നിസ്സാർ. ടി.എം | 2000+360 | 2862+516 | 10/2023 മുതൽ വാടക ഈടാക്കിയിട്ടുള്ളു. |
